LIBRARY ARCHIVES Kerala Legislative Assembly

പിന്നോക്ക, പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യങ്ങൾ

121 (5526) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ, സർക്കാർ നിയന്ത്രിത-സ്വാശ്രയ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെരിറ്റിലും റിസർവേഷനിലും പ്രവേശനം നേടുന്ന പിന്നോക്ക വർഗ്ഗ പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെടുന്നവർക്ക് നൽകുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഈയിനത്തിൽ ഓരോ വർഷവും എത്ര രൂപയുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങളാണ് വിതരണം ചെയ്തത് എന്ന് വ്യക്തമാക്കുമോ ;

(സി) പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നു വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ, സർക്കാർ നിയന്ത്രിത-സ്വാശ്രയ സഹകരണ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ മെരിറ്റിലും റിസർവേഷനിലും പഠിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് ഫീസ് ഉൾപ്പെടെ ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ്, പോക്കറ്റ്മണി എന്നിവ അനുവദിച്ചുവരുന്നു. കൂടാതെ ഹോസ്റ്റലിൽ താമസിക്കുന്ന കുട്ടികൾക്ക് ആകർഷൽ ബോർഡിംഗ് ആന്റ് ലോഡ്ജിംഗ് ചാർജും സ്ഥാപനത്തോട് ചേർന്ന് ഹോസ്റ്റൽ സൗകര്യം ഇല്ലെങ്കിൽ പ്രതിമാസം 1500 രൂപ ഹോസ്റ്റൽ ഫീസായും അനുവദിച്ചുവരുന്നു.

ഒ.ബി.സി. വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം +1, +2 കോഴ്സുകൾക്ക് പഠിക്കുന്ന ഒ.ബി.സി. വിദ്യാർത്ഥികൾക്ക് പ്രതിമാസം 90 രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നു. യു.പി./എച്ച്.എസ്. വിഭാഗങ്ങളിൽ പഠിക്കുന്ന മുസ്ലീം, നാടാർ വിദ്യാർത്ഥികൾക്ക് യഥാക്രമം 125, 150 രൂപ നിരക്കിൽ സ്കോളർഷിപ്പ് നൽകുന്നു. പിന്നോക്ക-മുന്നോക്ക സമുദായങ്ങളിലെ പി.ജി./പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ആനുകൂല്യങ്ങൾ അനുവദിക്കുന്നത്. 4.5 ലക്ഷം രൂപവരെ വരുമാന പരിധിയുള്ള പിന്നോക്ക സമുദായ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോളേജുകളിൽ പ്രവേശനത്തിന് 26% സംവരണവും പോസ്റ്റ് ഗ്രാജുവേറ്റ് കോഴ്സുകളിൽ 42,000 രൂപ വരെ വരുമാന പരിധിയുള്ളവർക്ക് 5% സംവരണവും പ്രവേശനത്തിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ ഗവൺമെന്റ് കോളേജുകളിലേയും യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളുടേയും ബിരുദ-ബിരുദാനന്തര കോഴ്സുകൾക്ക് പിന്നോക്ക സമുദായങ്ങൾക്ക് 20% വും മുന്നോക്ക സമുദായങ്ങൾക്ക് 10 ശതമാനവും പ്രവേശനത്തിന് സംവരണം ദാരിദ്ര്യരേഖയുടെ അടിസ്ഥാനത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്തിയിട്ടുണ്ട്. 42,000 രൂപയിൽ താഴെ വരുമാനമുള്ള എസ്.ഇ.ബി.സി. / മറ്റ് സമുദായം രക്ഷിതാക്കളുടെ മക്കൾക്ക് പി.ജി./പ്രൊഫഷണൽ കോഴ്സുകൾക്ക് 500 രൂപ ലംപ്സംഗ്രാന്റും, മുഴുവൻ ഫീസും ഡേ സ്കോളർ ആണെങ്കിൽ 200 രൂപയും ഹോസ്റ്റലേഴ്സ് ആണെങ്കിൽ 250 രൂപയും പ്രതിമാസ സ്റ്റൈപ്പന്റും നൽകുന്നുണ്ട്. പോളിടെക്നിക് കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 200 രൂപ ലംപ്സംഗ്രാന്റും മുഴുവൻ ഫീസും ഡേ സ്കോളർ ആണെങ്കിൽ 100 രൂപയും ഹോസ്റ്റലർ ആണെങ്കിൽ 150 രൂപയും പ്രതിമാസം സ്റ്റൈപ്പന്റ് നൽകുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ വർഷവും വിതരണം ചെയ്ത തുകയുടെ വിവരം ചുവടെ ചേർക്കുന്നു.

പട്ടികജാതി വകുപ്പ് (തുക ലക്ഷത്തിൽ)

വിഭാഗം	2006-07	2007-08	2008-09	2009-10
എസ്.സി.	9094.84	11540.38	13991.36	14062.24
ഒ.ബി.സി/ എസ്.ഇ. ബി.സി.	4597.65	7510	6746.18	6597.38
മറ്റ് ഇതര വിഭാഗം	1190.73	1455.11	1272.63	1516.37

പട്ടികവർഗ്ഗ വകുപ്പ് (തുക രൂപയിൽ)

2006-07	2007-08	2008-09	2009-10
6,88,96,000	9,65,04,237	10,62,88,748	11,57,94,633

(സി) 4-2-2010-ലെ സ.ഉ.(എം എസ്) നമ്പർ 22/10/പജപവവിവ. പ്രകാരം പോസ്റ്റ് ഗ്രാജുവേറ്റ്/പ്രൊഫഷണൽ/പോളിടെക്നിക് കോഴ്സുകൾക്ക് പഠിക്കുന്ന എസ്.ഇ.ബി.സി./മറ്റിതര വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്ക് കുമാരപിള്ള കമ്മീഷൻ റിപ്പോർട്ട് പ്രകാരം അനുവദിക്കുന്ന ലംപ്സംഗ്രാന്റ്, സ്റ്റൈപ്പന്റ് എന്നിവ വർദ്ധിപ്പിച്ചുകൊണ്ടും ഇവ ലഭിക്കുന്നതിനുള്ള വാർഷിക വരുമാന പരിധി 42,000 രൂപയായി ഏകീകരിച്ചുകൊണ്ടും ഉത്തരവായിട്ടുള്ളതിനാൽ ഇപ്പോൾ ഇക്കാര്യം പരിഗണനയിലില്ല.

പെരിങ്ങോം കേന്ദ്രീകരിച്ച് എം.ആർ. എസ്. ആരംഭിക്കാൻ നടപടി

122 (5527) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക പട്ടിക സമുദായ ക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കണ്ണൂർ ജില്ലയിൽ പെരിങ്ങോം കേന്ദ്രീകരിച്ച് എം.ആർ.എസ്.അനുവദിക്കാൻ നയപരമായ തീരുമാനമെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും എം.ആർ.എസ്. ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?